# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4123 — 27.06.2012-ൽ മറുപടിയ്ക്ക്

## പട്ടിക വർഗ്ഗക്കാരുടെ വായ്പാ കുടിശ്ശിക

**ചോദ്യം**
ശ്രീ. ഐ. സി. ബാലകൃഷ്ണൻ

**ഉത്തരം**
കുമാരി. ജയലക്ഷ്മി
(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി )

| | | | |
|---|---|---|---|
| എ | പട്ടികവർഗ്ഗക്കാർ വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശിക എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ; | എ | കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ 25,000/- വരെയുള്ള വായ്പകളുടെ മുതലും, പലിശയും, പിഴപ്പലിശയും എഴുതി തള്ളുന്നതിനും, അതിനു മുകളിലുള്ള തുകയ്ക്കു പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതിനായി 12.11.2009ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ: 100/2009/പജപവവിവ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും എടുത്ത വായ്പ ഈ ഉത്തരവിന്റെ പരിധിയിൽപ്പെടുത്തി എഴുതി തള്ളാനാകില്ല. |
| ബി | പട്ടികവർഗ്ഗക്കാർക്കുള്ള റവന്യൂ റിക്കവറി നടപടി നിർത്തിവെയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ